**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബിനു ജോണിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3954/2017/തസ്വഭവ                തീയതി, തിരുവനന്തപുരം 08.12.2017

---

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.05.2016-ലെ ഇ 5-(എസ് സി 04/2016/കെറ്റിഎം) 2420/2016 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 30.06.2016-ലെ 6113/ഡി3/2016/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 28.11.2016-ലെ 182/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. ബിനു ജോൺ സമർപ്പിച്ച 19.01.2017-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 23.05.2017, 13.10.2017 എന്നീ തീയതികളിലെ ഡി5-42647/20.. നമ്പർ കത്തുകൾ

**ഉത്തരവ്**

കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ കിടങ്ങൂർ ജംഗ്ഷന് സമീപം മ്ലാവിൽ വീട്ടിൽ ശ്രീ. ബെന്നിമാത്യുവിന്റെ നിലം റവന്യൂ ഉദ്യോഗസ്ഥരുടെയും കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ഒത്താശയോടുകൂടി അനധികൃതമായി മണ്ണിട്ട് നികത്തി ഇരുനില കെട്ടിടം പണിയുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ സെക്രട്ടറിയ്ക്കെതിരെ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. ബഹു. ഹൈക്കോടതിയുടെ WP(C) 23281/2014 പ്രകാരം തൽസ്ഥിതി തുടരേണ്ട കെട്ടിടത്തിൽ അനധികൃത നിർമ്മാണ പ്രവർത്തനം തുടർന്നും നടത്തിയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ.പി.ബി.ആർ ആക്ട് ചട്ടം 138 പ്രകാരം നടപടി സ്വീകരിച്ചതായി കാണുന്നില്ല.
2. അനധികൃത നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിനുള്ളിൽ ഡി&ഒ ലൈസൻസ് ഇല്ലാതെ സൂര്യാ ഓട്ടോ മൊബൈൽസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതിനെതിരെ കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ചതായി കാണുന്നില്ല.

വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ ക്രമക്കേടുകൾക്കുത്തരവാദിയായ കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബിനു ജോണിനെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള

കുറ്റപത്രം നല്കി അച്ചടക്ക നടപടികൾ ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. ബിനുജോൺ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ കെട്ടിട ഉടമ കേസ് ഫയൽ ചെയ്ത സമയം മുതൽതന്നെ ടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറി കാലാകാലങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവെന്ന് ശ്രീ. ബിനുജോൺ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കെത്തന്നെ (തൽസ്ഥിതി തുടരാൻ കോടതി ഉത്തരവായ സ്ഥലത്ത്) അനധികൃത കെട്ടിടം നിർമ്മിക്കുകയും ആ കെട്ടിടത്തിൽ കെട്ടിട ഉടമ വാടകയ്ക്ക് വർക്ക്ഷോപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും കെട്ടിട നിർമ്മാണം അനധികൃതമാണെന്ന നോട്ടീസ് നൽകി നടപടിക്രമങ്ങൾ പാലിച്ച് അത് അനധികൃതമാണെന്ന് സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും അനധികൃത കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള കേരള പഞ്ചായത്ത് ബിൽഡിങ് റൂളിലെ ചട്ടം 138 പ്രകാരം ശക്തമായ നടപടിയെടുത്തിട്ടില്ലായെന്നും. ചട്ടമുണ്ടായിട്ടും അത് വിനിയോഗിച്ച നടപടിയെടുക്കാത്തത് ശരിയായ നടപടിയാണെന്ന് കാണാൻ കഴിയില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2008-ന ശേഷം നെൽവയൽ നികത്തി നിർമ്മിച്ച ഈ കെട്ടിടം നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതാണെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ടെന്നും എന്നാൽ സെക്രട്ടറിയുടെ പരിമിതികൾക്കുള്ളിൽ നിന്നുള്ള നടപടികൾ ശ്രീ. ബിനു ജോൺ സ്വീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. ബിനു ജോൺ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അനധികൃത നിർമ്മാണം പഞ്ചായത്തു തന്നെ പൊളിച്ചു നീക്കുമെന്ന് സൂചിപ്പിച്ച് പഞ്ചായത്ത് സെക്രട്ടറി കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകി ഉത്തരവ് സ്ഥിരപ്പെടുത്തിയെങ്കിലും സെക്രട്ടറി അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. എന്നാൽ പഞ്ചായത്ത് നല്കിയ നോട്ടീസിനെതിരെ കെട്ടിട ഉടമ കോടതിയെ സമീപിച്ചതിനെത്തുടർന്ന് കോടതിയുടെ പരിഗണനയിലുള്ള ഒരു വിഷയമായതിനാലാണ് തുടർനടപടികൾ സ്വീകരിക്കാഞ്ഞതെന്നും കൂടാതെ പിന്നീട് ടി കെട്ടിടം പൊളിക്കൽ കോടതി താല്ക്കാലികമായി തടഞ്ഞിരുന്നുവെന്നുമുള്ള ടിയാന്റെ വിശദീകരണം തൃപ്തികരമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ബിനു ജോണിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ടിയാന് **സെൻഷ്വർ** എന്ന ലഘുശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ബിനു ജോൺ, സെക്രട്ടറി, കിടങ്ങൂർ ഗ്രാമപഞ്ചായത്ത്.
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/182/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ